**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1651

10.03.2020-ൽ മറുപടിക്ക്

**പി.എസ്.സി. നിയമനത്തിനുള്ള കുറഞ്ഞ പ്രായപരിധി**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിവിധ തസ്തികകളിൽ പൊതു നിയമനത്തിന് വിജ്ഞാപനം പ്രസിദ്ധീകരിക്കുമ്പോൾ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത നേടേണ്ടത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയുടെ അടിസ്ഥാനത്തിലാണോയെന്ന് വ്യക്തമാക്കുമോ; | (എ) | അതെ. |
| (ബി) | ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പ്രായപരിധി യോഗ്യതയുടെ ഗണത്തിൽ ഉൾപ്പെടുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ഒരു മാനദണ്ഡമാണ് പ്രായപരിധി. |
| (സി) | ആർ. ചന്ദന എന്ന ഉദ്യോഗാർത്ഥി ഫയൽ ചെയ്ത OP(KAT) No.22 OF 2020 കേസിൽ 22.01.2020 ന് കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം ഉദ്യോഗാർത്ഥികളുടെ കുറഞ്ഞ പ്രായം കണക്കാക്കുന്നതിന് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന വർഷം ജനുവരി ഒന്ന് അടിസ്ഥാനമാക്കുന്നതോടൊപ്പം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അവസാനതീയതിയും മാനദണ്ഡമാക്കി പ്രായപരിധി വ്യവസ്ഥ ഭേദഗതി ചെയ്ത് അടിയന്തര ഉത്തരവ് പുറപ്പെടുവിക്കുമോയെന്ന് അറിയിക്കുമോ? | (സി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ